**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - എറണാകുളം ജില്ല - കുവപ്പടി ഗ്രാമപഞ്ചായത്ത് - കോടനാട് വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കുവപ്പടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25/11/2019 ലെ എ 2-6211/2019 നമ്പർ കത്ത്.
2. എറണാകുളം സീനിയർ ടൗൺപ്ലാനറുടെ 27/12/2019 ലെ TCPEKM/2359/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/59/2020 –C3** തീയതി: **05/02/2020**

---

എറണാകുളം ജില്ലയിലെ കുവപ്പടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോടനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 159/8-3 - ൽ ഉൾപ്പെട്ട സ്ഥലമുടമയുടെ പേരിലുള്ള 4039 ച.മീ ആകെ വസ്തുവിൽ നിന്നും 750 ച.മീ. സ്ഥലം വേർതിരിച്ച് സെയിൽസ് ബിൽഡിംഗ് 39 ച.മീ, കനോപ്പി 221 ച.മീ ഉൾപ്പെടെ ആകെ 260. ച.മീ വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ.സെബാസ്റ്റ്യൻ.സി.സി,** ചിറയത്തു വീട്, കുവപ്പടി പി.ഒ., തോട്ടുവ, എറണാകുളം- ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. കെ.പി.ബി.ആർ. 2011 ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. 2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
3. ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ .ഒ.സി ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി

നേടിയിരിക്കണം.

5. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലർ, KLU order 1967 എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
6. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം , ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ നിർമ്മാണാനുമതിയ്ക്കായി പരിഗണിക്കാവൂ.
7. പ്രസ്തുത പമ്പിന്റെ പ്രവർത്തനം മൂലം natural drain(on east side) മലിനമാകുന്നില്ലെന്നു ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **16/2020** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
കൂവപ്പടി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. സെബാസ്റ്റ്യൻ. സി. സി, ചിറയത്തു വീട്, കൂവപ്പടി പി.ഒ, തോട്ടുവ, എറണാകുളം-683544
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം